# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.

## (ഹാജർ: പി. മേരിക്കുട്ടി IAS)

വിഷയം- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. കെ. സെൻ കുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു

പരാമർശം-1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26/10/2015ലെ ജി2-9533/2015 നമ്പർ കത്ത്

2. ശ്രീ. കെ. സെൻകുമാറിന്റെ 29/09/2016ലെ വിശദീകരണം

3. പഞ്ചായത്ത് ഡയറക്ടറുടെ 13/03/2017 ലെ ഡി5-37391/15നമ്പർ കുറ്റപത്രം

3. ശ്രീ. കെ. സെൻകുമാറിന്റെ 23/03/2017ൽ സമർപ്പിച്ച എതിർവാദ പത്രിക

4. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18/04/2017, 03/10/2017 തീയതികളിലെ എവിഎസ്-283/2016 നമ്പർ കത്ത്

## ഉത്തരവ് നമ്പർ: ഡി5-37391/2015 തീയതി 01/12/2017

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ ഇളംകാട് ബസ് സ്റ്റാന്റിൽ നിന്ന വാകമരം സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റോ, അനുമതിയോ വാങ്ങാതെയും ടി വകുപ്പിൽ നിയമാനുസരണം ഒടുക്കേണ്ട നികുതി അടവാക്കാതെയും നിയമാനുസരണമുള്ള ലേലനടപടിക്രമങ്ങൾ പാലിക്കാതെയും മുറിച്ച് നീക്കിയതായി വിജിലൻസ് ടോൾ ഫ്രീ നമ്പരിൽ പരാതി ലഭിച്ചതായും അന്വേഷിച്ചതിൽ നിന്നും ടി പരാതിയിൽ കഴമ്പുള്ളതായി കാണുന്നതായും ടി സമയത്ത് കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നത് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. സെൻകുമാറായിരുന്നുവെന്നും പരാമർശം (1) പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ഇതനുസരിച്ച് ടിയാനോട് വിശദീകരണം ആവശ്യപ്പെടുകയും പരാമർശം (2) പ്രകാരം ടിയാന് നൽകിയ മറുപടി തൃപ്തികരമല്ലായെന്ന് കണ്ട് പരാമർശം (3) പ്രകാരം ശ്രീ. കെ. സെൻകുമാറിന് കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച എതിർവാദപത്രികയിൽ താൻ 10/02/2015 മുതൽ 26/07/2015വരെയാണ് കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്നതെന്നും 10/07/2015ലെ 21ാം നമ്പർ തീരുമാനപ്രകാരമാണ് ടി മരം മുറിച്ചുമാറ്റിയതെന്നും ടി കമ്മിറ്റിയാണ് മരത്തിന് 7500 രൂപ വില കണക്കാക്കി 2500 രൂപ മുറിച്ച് മാറ്റൽ കൂലിയായി കിഴിവ് ചെയ്ത് 5000രൂപ ഒടുക്കാൻ നിർദ്ദേശിച്ചതെന്നും അന്നേ ദിവസം താൻ കാഷ്വൽ ലീവ് ആയതിനാൽ പങ്കെടുത്തിരുന്നില്ലായെന്നും അറിയിച്ചു. തുടർന്ന് താൻ ചാർജ്ജ് ഒഴിഞ്ഞശേഷം 01/08/2015ലാണ് ടി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി മരം മുറിച്ച് മാറ്റിയതെന്നും ടി ഭരണസമിതി യോഗത്തിന് ശേഷം 3 ദിവസമാണ് തനിക്ക് കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ പോകാനായത് എന്നും ഈ വിഷയത്തിൽ നിരപരാധിയായ തന്നെ കുറ്റവിമുക്തനാക്കണമെന്നും ശ്രീ. കെ. സെൻകുമാർ അപേക്ഷിച്ചിരുന്നു.

ശ്രീ. കെ. സെൻകുമാറിന്റെ എതിർവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായകുറിപ്പ് നൽകിയിരുന്നു. ആയതിൽ ശ്രീ. സെൻകുമാറിന്റെ എതിർവാദപത്രികയിന്മേൽ സൂചിപ്പിച്ചിട്ടുള്ള

കാര്യങ്ങൾ ശരിയായി കാണുന്നതായും 17/09/2011 മുതലുള്ള ഗ്രാമസഭകളിൽ ടി മരം മുറിച്ച് മാറ്റണമെന്ന് ആവശ്യമുയരുന്നതായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ടി മരത്തിന്റെ വാല്യുവേഷൻ തുകയായ 7500 രൂപയാണെങ്കിൽ ആയതിന് നിയമാനുസരണം വനം വകുപ്പിൽ ഒടുക്കേണ്ട എല്ലാ നികുതികളും ഒടുക്കുന്നതിന് ഈ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശപ്രകാരം നിശ്ചിത തുക ഒടുക്കിയതായിയും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ശ്രീ. കെ. സെൻകുമാറിനെതിരായ ന്റെ എതിർവാദപത്രികയും ആയതിന്മേലുള്ള കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായകുറിപ്പും വിശദമായി പരിശോധിച്ചു. ഇളംകാട് ബസ് സ്റ്റാന്റിൽ നിന്ന വാകമരം സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റോ, അനുമതിയോ വാങ്ങാതെയും ടി വകുപ്പിൽ നിയമാനുസരണം ഒടുക്കേണ്ട നികുതി അടവാക്കാതെയും നിയമാനുസരണമുള്ള ലേലനടപടിക്രമങ്ങൾ പാലിക്കാതെയും മുറിച്ച് നീക്കി എന്നതാണ് ശ്രീ. കെ. സെൻകുമാറിനെതിരായ ആരോപണം. നടപടിക്രമങ്ങൾ എല്ലാം തന്നെ പിന്നീട് പൂർത്തികരിച്ചതായിയുള്ള കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് മുഖവിലയ്ക്ക് എടുത്താൽ തന്നെ ടിയാനെതിരായ മറ്റ് ആരോപണങ്ങൾ നിലനിൽക്കുന്നതായി കാണുന്നു. 10/02/2010ലെ 68/2010/വനം&വന്യജീവി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു പൊതു വസ്തുവിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സോഷ്യൽ ഫോറസ്ട്രി) അനുമതി നിർബന്ധമാണ്. ടി ഉത്തരവിൽ പ്രതിപാദിക്കുന്ന ഒരു നടപടിക്രമവും ഗ്രാമപഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതിക്ക് നിയമോപദേശം നൽകേണ്ട സെക്രട്ടറി അപ്രകാരം പ്രവൃത്തിച്ചതായി കാണുന്നില്ല. താൻ അന്നേ ദിവസം അവധിയായിരുന്നു എന്ന എതിർവാദം ടിയാൻ ചെയ്ത കുറ്റത്തിന്റെ വ്യാപ്തി നോക്കുമ്പോൾ സാധൂകരിക്ക തക്കതല്ലായെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ ശ്രീ. കെ. സെൻകുമാറിനെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതായി കണ്ട് ടിയാന്റെ <u>ഒരു വരുംകാല വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുക</u> എന്ന ശിക്ഷ നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**പി. മേരിക്കുട്ടി IAS**

പഞ്ചായത്ത് ഡയറക്ടർ

ഡി5

ശ്രീ. കെ. സെൻകുമാർ,
സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
കോട്ടയം

<u>പകർപ്പ് -</u>

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
   <u>സേവനപുസ്തകത്തിൽ രേഖപ്പെടുത്തി പകർപ്പ് ലഭ്യമാക്കേണ്ടതാണ്</u>
2. സെക്രട്ടറി, കൂട്ടിക്കൽ / മുണ്ടക്കയം / കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം
3. സിസ്റ്റം മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. കരുതൽ / അധികം

**// ഉത്തരവിൻ പ്രകാരം //**

**സൂപ്രണ്ട്**